റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) സർക്കാർ അഭിഭാഷകരുടെ വീഴ്ച മൂലം സർക്കാർ വാദിച്ച കേസുകളിൽ തുടർച്ചയായി പരാജയം ഉണ്ടാകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടില്ല.

(സി) പ്രധാനപ്പെട്ട കേസുകളിൽ സർക്കാർ കോടതിയിൽ പരാജയപ്പെടാനുണ്ടായ കാരണം ഈ കേസുകളിൽ ഹാജരായ സർക്കാർ അഭിഭാഷകരുടെ ബോധപൂർവ്വമായ വീഴ്ച മൂലമാണെന്ന് ആക്ഷേപം ഒന്നും ലഭിച്ചിട്ടില്ല.

ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം

*9 [276] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, സാജുപോൾ:

,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) ഇതിനുള്ള സംവിധാനം എല്ലാ സ്കൂളുകളിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കമ്പ്യൂട്ടർ ഏത് പിരീഡിൽ ആണ് പഠിപ്പിക്കേണ്ടതെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും ഹൈസ്കൂളുകളിൽ വൈദ്യുതി ഇല്ലാത്തതു മൂലം കംപ്യൂട്ടർ പഠനം സാദ്ധ്യമല്ലാത്ത അവസ്ഥ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ആകെയുള്ള 2422 ഹൈസ്കൂളുകളിൽ (ഗവൺമെന്റ്+എയ്ഡഡ്) 2197 സ്കൂളുകളിൽ കുറഞ്ഞത് 5 കമ്പ്യൂട്ടർ ഉള്ള ലാബ് സ്ഥാപിച്ചിട്ടുണ്ട്. 97 സർക്കാർ ഹൈസ്കൂളുകളിലും 128 എയ്ഡഡ് ഹൈസ്കൂളുകളിലും ഇനിയും കമ്പ്യൂട്ടർ ലാബ് സജ്ജമാക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. 30-4-2003-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 100 പ്രകാരം കമ്പ്യൂട്ടർ പഠനത്തിന് ആഴ്ചയിൽ 4 പിരീഡാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ രണ്ട് പിരീഡ് തിയറിക്കും രണ്ട് പിരീഡ് പ്രാക്ടിക്കലിനുമാണ്. ഈ പിരീഡുകൾ കണ്ടെത്തിയിരിക്കുന്നതു ഇപ്രകാരമാണ്.

(1) 2 പിരീഡുകൾ വർക്ക് എക്സ്പീരിയൻസ് അഥവാ ബ്രീവൊക്കേഷണൽ വിഷയത്തിന്റേതിൽ നിന്നും എടുക്കാവുന്നതാണ്.

(2) മറ്റ് വിഭാഗത്തിലുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പിരീഡുകൾ ലഭ്യമെങ്കിൽ ഇതിനായി മാറ്റി വയ്ക്കാവുന്നതാണ്. മേൽപ്പറഞ്ഞ പ്രകാരം പിരീഡുകൾ കണ്ടെത്തുവാൻ സാധിച്ചില്ലെങ്കിൽ കോർ വിഷയങ്ങളായ സയൻസ്, സോഷ്യൽ സയൻസ്, കണക്ക് എന്നീ വിഷയങ്ങൾക്കുള്ള പിരീഡിൽ നിന്നും സമയം കണ്ടെത്താവുന്നതാണ്. കൂടാതെ ഐ. റ്റി. അഡ്വൈസറി കൗൺസിലിന്റെ അംഗീകാരത്തോടുകൂടി അദ്ധ്യയന സമയത്തിനു മുൻപും പിൻപും പിരീഡുകൾ കണ്ടെത്തി ഐ. ടി. പഠനം സ്കൂളുകളിൽ സുഗമമായി നടത്താവുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

പ്രത്യേക കായിക പരിശീലന പരിപാടി

*10 [278] ശ്രീ. എം. മുരളി:
,, ടി. എൻ. പ്രതാപൻ:
,, വി. ഡി. സതീശൻ:
,, ജോർജ് ജെ. മാത്യു:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക മത്സരങ്ങളിൽ താല്പര്യമുള്ള സ്കൂൾ വിദ്യാർത്ഥികളുടെ കഴിവ് പരിപോഷിപ്പിക്കുന്നതിനായി പ്രത്യേക കായിക പരിശീലന പരിപാടി നടപ്പാക്കിയിരുന്നുവോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എന്തെല്ലാം കാര്യങ്ങളാണ് നടത്തിവന്നിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly